ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ ഏതെല്ലാം ചെറുകിട സമ്പാദ്യ പദ്ധതികളാണ് നിലവിലുള്ളത്;

(ബി) ചെറുകിട സമ്പാദ്യപദ്ധതികളിൽനിന്ന് സംസ്ഥാന ഗവൺമെന്റിന് എത്ര ശതമാനം വരെ വായ്പയെടുക്കാം;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഇതുവരെ ചെറുകിട സമ്പാദ്യപദ്ധതിയിൽനിന്ന് എന്തു തുക വായ്പയെടുത്തിട്ടുണ്ട്.

(ഡി) ഈ ഇനത്തിൽ ഇപ്പോൾ എന്തു തുക തിരിച്ചടക്കാനുണ്ട്;

(ഇ) ഈ വായ്പയുടെ പലിശ എത്ര ശതമാനമാണ്;

(എഫ്) ഈ ഗവൺമെന്റ് നിലവിൽവന്നശേഷം ഇതുവരെ ചെറുകിട സമ്പാദ്യ പദ്ധതിയിൽ നിന്നെടുത്ത തുകക്ക് ഒട്ടാകെ എന്തു പലിശ കൊടുത്തുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പോസ്റ്റാഫീസ് സേവിംഗ്സ് അക്കൗണ്ട്, 5 വർഷ റെക്കറിംഗ് ഡെപ്പോസിറ്റ്, 1,2,3,5 വർഷ പോസ്റ്റാഫീസ് ടൈ ഡെപ്പോസിറ്റുകൾ, മാസവരുമാന പദ്ധതി നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് VIII ഇഷ്യൂ, നാഷണൽ സേവിംഗ്സ് സ്കീം 1992, കിസാൻ വികാസ് പത്ര, പബ്ലിക് പ്രോവിഡന്റ് ഫണ്ട്, പെൻഷൻ നിക്ഷേപ പദ്ധതി.

(ബി) 15.1.2000 മുതൽ മിച്ച നിക്ഷേപത്തിന്റെ 80% ആണ് കേന്ദ്ര സർക്കാർ നൽകുന്ന വായ്പ.

(സി) 755.67 കോടി രൂപ വായ്പയായി ലഭിച്ചു.

(ഡി) മുൻവർഷങ്ങളിൽ ലഭിച്ച വായ്പകൾ ഉൾപ്പെടെ 1999 മാർച്ച് 31 ന് ഈ ഇനത്തിൽ ബാക്കി നിൽക്കുന്ന തുക 2358.29 കോടി രൂപയാണ്.

(ഇ) 1.1.2000 മുതൽക്കുള്ള പലിശ നിരക്ക് 12.50 ശതമാനമാണ്.

(എഫ്) 767.56 കോടി രൂപ.

## വ്യാജ ഭാഗ്യക്കുറി ടിക്കറ്റുകൾ

30 (1853) ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജഭാഗ്യക്കുറി ടിക്കറ്റുകൾ സംസ്ഥാനത്ത് വിൽക്കുന്നത് തടയാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ സംസ്ഥാന ലോട്ടറികൾക്കാണ് കേരളത്തിൽ വില്പന നടത്താൻ സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതെന്നും ഏതൊക്കെ സംസ്ഥാന ലോട്ടറികൾക്ക് അംഗീകാരം നൽകിയിട്ടില്ലെന്നും വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും സ്വകാര്യ ലോട്ടറിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് വ്യാജലോട്ടറി വിൽക്കുന്ന ഏജൻസികളുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധമായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഒരിക്കൽ നടപടിക്കു വിധേയമായ ഏജൻസിക്ക് വീണ്ടും അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1998-ലെ ലോട്ടറി റഗുലേഷൻ ആക്ടിലും 7.5.99 ലെ സുപ്രീം കോടതി വിധിയിലും ഇൻസ്റ്റന്റ് ലോട്ടറികൾ അടക്കം വ്യാജ ലോട്ടറികൾ നടത്തുന്നത് നിരോധിച്ചിട്ടുണ്ട്. ഇതിന്റെ വെളിച്ചത്തിൽ പ്രസ്തുത ലോട്ടറികളുടെ വില്പന തടയുന്നതിന് എല്ലാ ജില്ലാ ഭരണാധികാരികൾക്കും പോലീസ് അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മറ്റു സംസ്ഥാനലോട്ടറികൾ കേരളത്തിൽ വില്പന നടത്താൻ സർക്കാർ പ്രത്യേക അംഗീകാരം നൽകേണ്ടതില്ല.

(സി) ഇല്ല.

(ഡി)&(ഇ) ജനുവരി 99 വരെ വ്യാജലോട്ടറി വില്പന സംബന്ധിച്ചുള്ള ഏഴു കേസുകൾ അന്വേഷണത്തിൽ ഉണ്ട്.

## ലോട്ടറിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ

31 (1854) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ലോട്ടറിയുമായി ബന്ധപ്പെട്ട എത്ര ജീവനക്കാർ, അംഗീകൃത ഏജൻസികൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്;

(ബി) ആകെ ലോട്ടറി ടിക്കറ്റ് വിതരണ രംഗത്ത് എത്ര പേരുണ്ടെന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത്;

(സി) ഈ തൊഴിൽ രംഗം നിലനിർത്താൻ എന്തെല്ലാം നടപടികളാണ് സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ലോട്ടറി വകുപ്പിൽ 459 ജീവനക്കാരും 32,000 ത്തോളം അംഗീകൃത ഏജന്റുമാരുമുണ്ട്.

(ബി) ജീവനക്കാരും, അംഗീകൃത ഏജന്റുമാരെയും കൂടാതെ 2 1/2 ലക്ഷത്തോളം വില്പനക്കാരും മറ്റു അനുബന്ധ തൊഴിലാളികളും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്.

(സി) ഭാഗ്യക്കുറി നിരോധന വാർത്ത ശ്രദ്ധയിൽപ്പെട്ടതിന്റെ വെളിച്ചത്തിൽ സംസ്ഥാന ഭാഗ്യക്കുറിയെ സംബന്ധിച്ച സമഗ്രവിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന ധനകാര്യമന്ത്രി കേന്ദ്ര ആഭ്യന്തരകാര്യ മന്ത്രിക്കു രണ്ടു തവണ കത്തെഴുതുകയും പ്രസ്തുത കത്തിലെ വിശദാംശങ്ങൾ പരിശോധിച്ചുവരുന്നതായി കേന്ദ്ര ആഭ്യന്തരമന്ത്രി അറിയിക്കുകയും ചെയ്തു. ഈ നിരോധനം ബില്ലാക്കി, പാർലമെന്റിൽ കൊണ്ടുവരാതിരിക്കാൻ കേരള സർക്കാർ സാധ്യമായ എല്ലാ സമ്മർദ്ദവും ചെലുത്തിയിരിക്കുകയാണ്. ഈ

LIBRARY ARCHIVES Kerala Legislative Assembly